"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ബദിയടുക്ക ഗ്രാമപഞ്ചായത്ത് - കണ്ടടുക്ക. എന്ന സ്ഥലത്തെ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിലെ ക്രമക്കേടുകൾ - അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ഉഷാർ കൃഷ്ണനെതിരെ സ്വീകരിച്ചുവന്ന അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1479/2022/LSGD തീയതി,തിരുവനന്തപുരം, 18-06-2022

---

പരാമർശം:-

1. വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 02.012.2019-ലെ വിജി-ഡി2/575/2019-വിജി നം. കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.11.2019-ലെ ഇ18 (എസ്.സി -21/2019/കെ.എസ്.ഡി) 12659/2019 നം. കത്ത്.
3. 27.12.2019-ലെ LSGD-EW2/111/2019-LSGD നം. കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. ശ്രീ.ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ 02.03.2020-ൽ സമർപ്പിച്ച പ്രതിവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.11.2020-ലെ ഇ11/1026/2020/സിഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ, കാസർഗോഡ് ജില്ലാ പഞ്ചായത്ത് എൻഡോസൾഫാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിവരുന്ന ബഡ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിൽ അഴിമതി നടന്നുവെന്നുള്ള ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കാസർഗോഡ് യൂണിറ്റ് 24/07/2019 തീയതിയിൽ ടി സ്കൂളിൽ മിന്നൽ പരിശോധന നടത്തിയതിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

സ്കൂൾ കെട്ടിടത്തിലെ മര ഉരുപ്പടികൾ (ജനൽ, കട്ടിൽ, വാതിൽ) വിശദമായി പരിശോധിച്ചതിൽ പുറം ചുമരിൽ 4 പാളികളുള്ള 5 ജനലുകളും 3 പാളികളുള്ള 31 ജനലുകളും അകചുമരിൽ 2 പാളികളുള്ള 15 ജനലുകളും 6 വെന്റിലേറ്ററുകളും 6 വാതിൽ കട്ടിലകളും ഫിറ്റ് ചെയ്തതായി കാണപ്പെട്ടതിൽ, എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 4 പാളികളുള്ള 40 ജനലുകളും 2 പാളികളുള്ള 11 ജനലുകളും 11 വാതിൽകട്ടിലകളും 6 വെന്റിലേറ്ററുകളും ആണ് ആവശ്യമുള്ളത് എന്നു രേഖപ്പെടുത്തിയതായി കാണപ്പെട്ടതിൽ, എണ്ണത്തിലും വലുപ്പത്തിലും ഉള്ള വ്യത്യാസത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ എം.ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവുകൾ

കുറവ് ചെയ്തതിന് മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങിയിട്ടില്ല. ശേഷം ഫിറ്റ് ചെയ്തതായ മര ഉരുപ്പടികളുടെ ഗുണനിലവാരം പരിശോധിച്ചതിൽ 2 കളികളുള്ള 2 ജനൽ കട്ടിലകളും 3 വെന്റിലേറ്ററുകളും ഇരുൾ മരം കൊണ്ട് നിർമ്മിച്ചവയും ബാക്കിയുള്ള ജനൽ കട്ടിലകളും വാതിൽ കട്ടിലകളും ഉരുപ്പ് (കമ്പകം) മരം കൊണ്ട് നിർമ്മിച്ചവയും ഫിറ്റ് ചെയ്ത നിലയിൽ കാണപ്പെട്ട 3 വാതിലുകളും റൂമിൽ അഴിച്ചുവെച്ച നിലയിൽ കാണപ്പെട്ട വാതിലുകളും ജനൽപാളികളും മഹാഗണി കൊണ്ട് നിർമ്മിച്ചവയാണെന്നും വ്യക്തമായിട്ടുള്ളതാണ്. ആയതിന് അസിസ്റ്റന്റ് എഞ്ചിനീയറോട് അന്വേഷിച്ചതിൽ ഇരുൾ മരം ആവശ്യത്തിന് ലഭിക്കാത്തതിനാലാണ് ഇരുൾ മരത്തെക്കാൾ വിലകൂടിയ ഉരുപ്പ് (കമ്പകം), മഹാഗണി എന്നിവ ഉപയോഗിച്ചത് എന്നും അറിയിച്ചിട്ടുള്ളതാണ്. ആയത് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. മരങ്ങൾ മാറ്റി ഉപയോഗിച്ചതിന് മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങിയിട്ടില്ല എന്നു മനസ്സിലായിട്ടുള്ളതാണ്.

2.മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ തദ്ദേശ സ്വയംഭരണ വകുപ്പ് ബദിയടുക്ക ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ഉഷാർ കൃഷ്ണൻ.ജി-യ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനുള്ള വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ, ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ചെയ്തിരുന്നു.

3.ശ്രീ.ഉഷാർ കൃഷ്ണൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെട്ട ബദിയടുക്ക ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ വാതിലിന്റെയും ജനലിന്റെയും ഫ്രെയിമും ഷട്ടറും ഇരുൾ മരം ഉപയോഗിക്കുന്നതിനാണ് ഒറിജിനൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും കാസർഗോഡ് ജില്ലയിൽ ഇരുൾ മരത്തിന്റെ ലഭ്യതക്കുറവും ഇരുൾ മരം ഉപയോഗിക്കുമ്പോൾ മരത്തിന് 2 വർഷം കഴിയുമ്പോൾ വിള്ളലുകൾ വീഴുന്നത് മൂലം ജനലിന്റെയും വാതിലിന്റെയും ഷട്ടറുകൾ അടക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതും കണക്കിലെടുത്ത് ജനലിന്റെയും വാതിലിന്റെയും ഫ്രെയിം തമ്പകം മരം ഉപയോഗിച്ചും ഷട്ടറുകൾ മഹാഗണി മരം ഉപയോഗിച്ചുമാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്നും കാസർഗോഡ് ജില്ലയുടെ 80% പ്രവൃത്തികളും ഈ മരം ഉപയോഗിച്ചാണ് നടപ്പിലാക്കുന്നതെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് റിവൈസ്ഡ് ഡാറ്റ പ്രകാരം m3-ന് 23,000/- രൂപ വിലയുള്ള ഇരുൾ മരം ഉപയോഗിക്കുന്നതിനാണെന്നും എന്നാൽ സൈറ്റിൽ ഉപയോഗിച്ച തമ്പകം മരത്തിന് m3 ന് 33,000/- രൂപയും മഹാഗണി മരത്തിന് m3ന് 34,000/- രൂപയും വില വരുന്നുണ്ടെന്നും ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇരുൾ മരത്തേക്കാൾ ഉയർന്ന നിലവാരമുള്ളതും വിലക്കൂടുതലുള്ളതുമായ മരമാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിരിക്കുന്നതെന്നും ഒറിജനൽ എസ്റ്റിമേറ്റിലെ ഷെഡ്യൂൾഡ് ക്വാണ്ടിറ്റിയേക്കാൾ നേരിയ വ്യത്യാസമാണ് ചിലയിനങ്ങളിൽ വന്നിട്ടുള്ളതെന്നും ആയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട ആവശ്യകത വന്നിട്ടില്ലെന്നും ഉയർന്ന നിലവാരമുള്ളതും വിലക്കൂടുതലുമുള്ള മരം ഉപയോഗിച്ചെങ്കിലും കരാറുകാരന് ഉയർന്ന നിരക്കിലുള്ള തുക അനുവദിക്കാതെ ഷെഡ്യൂൾഡ് റേറ്റ് പ്രകാരമുള്ള തുക മാത്രമാണ് നൽകിയതെന്നും സർക്കാറിന് ഇതുമൂലം യാതൊരു വിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും അറിയിച്ചിരുന്നു. എസ്റ്റിമേറ്റ് ഷെഡ്യൂൾഡ് ക്വാണ്ടിറ്റിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരത്തേക്കാൾ ഉയർന്ന നിരക്കിലുള്ള മരം ഉപയോഗിക്കുമ്പോൾ മേൽ ഉദ്യോഗസ്ഥരുടെ അനുമതി വാങ്ങണമെന്ന അറിവില്ലായ്മ ക്ഷമിക്കണമെന്നും ചുമത്തിയിട്ടുള്ള കുറ്റത്തിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ-അപേക്ഷിച്ചിരിക്കുകയും ചെയ്തു.

4.വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും എസ്റ്റിമേറ്റിൽ പ്രതിപാദിക്കുന്ന materials മാറ്റി പ്രവൃത്തി നിർവ്വഹിക്കുമ്പോൾ മേലുദ്യോഗസ്ഥരുടെ അനുമതി ലഭ്യമാക്കേണ്ടതായിരുന്നെന്നും ചീഫ് എഞ്ചിനീയർ ഈ വിഷയത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

5.വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ട്, കുറ്റാരോപിതന്റെ പ്രതിവാദ പത്രിക, ചീഫ് എഞ്ചിനീയറുടെ അഭിപ്രായകുറിപ്പ് എന്നിവ പരിശോധിച്ചതിൽ, സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന പ്രവൃത്തികളൊന്നും കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലെന്നും എസ്റ്റിമേറ്റിലുള്ളതിനേക്കാൾ ഉയർന്ന നിലവാരത്തിലുള്ള മരമാണ് ഉപയോഗിച്ചിട്ടുള്ളതെന്നും കാണാവുന്നതാണ്. എന്നിരുന്നാലും, മേലുദ്യോഗസ്ഥരുടെ അനുമതി വാങ്ങാതെ എസ്റ്റിമേറ്റിൽ പ്രതിപാദിച്ച materials മാറ്റി പ്രവൃത്തി നിർവ്വഹിച്ചത് ശരിയായ നടപടി അല്ല. ഈ സാഹചര്യത്തിൽ, ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ഉഷാർ കൃഷ്ണനെതിരായി ആരംഭിച്ച അച്ചടക്ക നടപടി, ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ശാസന നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1) ശ്രീ.ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന).
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5) വിജിലൻസ് വകുപ്പ്.
6) തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ-3) വകുപ്പ്.
7) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
9) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
**Signed by Sreekanth G**
**Date: 18-06-2022 14:31:11**
സെക്ഷൻ ഓഫീസർ